**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1853** **29-07-2021 - ൽ മറുപടിയ്ക്ക്**

**ലാപ്ടോപ്പ് വിതരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. തോമസ് ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സജീവ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് പ്രതിസന്ധിയുടെ സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസത്തിന് സാഹചര്യം ഒരുക്കുന്നതിനായി കുടുംബശ്രീകൾ മുഖേന വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്യുന്ന പദ്ധതി കെ.എസ്.എഫ്.ഇ. ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | കുടുംബശ്രീ അംഗങ്ങളുടെ വിദ്യാർത്ഥികളായ മക്കൾക്ക് ഓൺലൈൻ വിദ്യാഭ്യാസ- ത്തിനായി ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിനായി "കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി" എന്ന പേരിൽ ഒരു പദ്ധതി കെ.എസ്.എഫ്.ഇ നടപ്പാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ലാപ്ടോപ്പ് വിതരണത്തിനായി എംപാനൽ ചെയ്ത കമ്പനികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) | COCONICS, ACER, HP, LENOVO എന്നീ നാല് കമ്പനികളാണ് പ്രസ്തുത പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുള്ളത്. |
| (സി) | ഈ പദ്ധതിയിൽ നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര കുട്ടികൾക്ക് ലാപ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | പദ്ധതിയിൽ ഇതുവരെ അപേക്ഷിച്ചിട്ടുള്ള 95,293 അപേക്ഷകരിൽ 68,498 അപേക്ഷകരാണ് ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ളത്. ഇതിൽ COCONICS കമ്പനിയുടെ 2,150 ലാപ്ടോപ്പുകളും ACER കമ്പനിയുടെ 3,049 ലാപ്ടോപ്പുകളുമടക്കം മൊത്തം 5,199 ലാപ്ടോപ്പുകളാണ് കുടുംബശ്രീ അംഗങ്ങൾക്ക് വിതരണം ചെയ്തിട്ടുള്ളത്. |
| (ഡി) | എല്ലാ അപേക്ഷകർക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് സാധിക്കാത്ത സാഹചര്യം സംജാതമായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഡി) | ഉണ്ട്. കോവിഡ് മഹാമാരിയുടെ സാഹചര്യത്തിൽ ആഗോളതലത്തിൽ കമ്പ്യൂട്ടർ സാമഗ്രികളുടെ ലഭ്യതക്കുറവുമൂലം കമ്പനികൾക്ക് എല്ലാ അപേക്ഷകർക്കും ലാപ്ടോപ്പ് വിതരണം ചെയ്യുന്നതിന് സാധിക്കാത്ത സാഹചര്യം നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ